Govt. V & HSS
വിതുര

# അക്കാദമിക
# മാസ്റ്റർ പ്ലാൻ



2025

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| സ്കൂൾ കോഡ് | : | 42059 |
| സ്കൂളിൻറെ പേര് | : | ഗവ .വി &എച്ച്.എസ്.എസ് വിതുര |
| പിൻകോഡ് | : | 695551 |
| ഫോൺ നമ്പർ | : | 04722856202 |
| ഇമെയിൽ അഡ്രസ്സ് | : | gvhssvithura@gmail.com |
| ഗ്രാമപഞ്ചായത്ത് | : | വിതുര |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| സബ്ജില്ല | : | പാലോട് |
| ക്ലാസുകൾ | : | 8 മുതൽ 12 വരെ |
| മാനേജ്മെൻറ് | : | ഗവൺമെൻറ് |
| പഠനം മാധ്യമം | : | മലയാളം ,ഇംഗ്ലീഷ് |

# ആമുഖം

തിരുവനന്തപുരം ജില്ലയുടെ കിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന വിതുര ഗ്രാമപഞ്ചായത്തിലാണ് വിതുര ഗവ.വി& എച്ച്. എസ് .എസ് .പാഠ്യപാഠ്യേതര രംഗത്ത് സംസ്ഥാനതലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന വിദ്യാലയം ആണിത് . വർഷങ്ങളായി എസ്എസ്എൽസി പരീക്ഷയും വി എച്ച് എസ് ഇ ,പ്ലസ് ടു പരീക്ഷയിലും ഉന്നത വിജയം നേടുന്ന സ്കൂളാണ് . A+ നേടുന്ന കുട്ടികളുടെ എണ്ണത്തിലും 100% വിജയം നേടുന്നതിലും സ്കൂൾ മുന്നിലാണ്. ദേശീയ-സംസ്ഥാനതലങ്ങളിൽ ശാസ്ത്ര, കായിക മത്സരങ്ങളിൽ പങ്കെടുത്ത് നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട് .വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടുകയും ചെയ്തുകൊണ്ടിരിക്കുന്നു.ഹയർസെക്കൻഡറി, വിഎച്ച്എസ്ഇ മികച്ച അധ്യായന നിലവാരം പുലർത്തുന്നതിനും വിജയം നിലനിർത്തുന്നതിനും കഴിയുന്നുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (ഇൻക്ലൂസീവ് എഡ്യൂക്കേഷൻ) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന  ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികൾക്കായി ഫെൻസിംഗ് പരിശീലനവും സ്കൂളിൽ നടന്നു വരുന്നു.

കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി  പഠനത്തിന് സാഹചര്യം ഒരുക്കുന്നു .അക്കാദമിക  രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് .ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പോൾ പരിഹരിക്കുകയും ചെയ്തു. പൊതുവിദ്യാലയം സംരക്ഷണ യഗമായി അക്കാദമിക രക്തത്തിൽ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എയുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത്, തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ശിശു സൗഹൃദമായ പഠനാന്തരീക്ഷം ഹരിതഭംഗിയാർന്ന സ്കൂൾ ക്യാമ്പസ് എന്നിവ സ്കൂളിൻെറ ഇതര പ്രത്യേകതകളാണ്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിൻറെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങൾ ആയി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വിതുര ഗവൺമെൻറ് എച്ച് എസ് എസ് ചരിത്രം നെടുമങ്ങാട് താലൂക്കിലെ രണ്ടാമത്തെ ഹൈസ്കൂൾ ആയിരുന്നു .വിതുര ഹൈസ്കൂൾ യു.പി.എസിനെ ഹൈസ്കൂൾ ഉയർത്തുന്നത് സാമൂഹ്യപ്രവർത്തകരായ പലരും ശ്രമിച്ചിട്ടുണ്ട് .കുമാരൻ നായർ ,പി എസ് നാരായണപിള്ള, എൻ ആർ നായിഡു ചെല്ലപ്പൻ നായർ ,മുല്ലച്ചിറ മാധവൻ നായർ തുടങ്ങിയ സാമൂഹ്യ പ്രവർത്തകരും പൗര പ്രമാണിമാരും ചേർന്ന് 1953-ൽ ആര്യനാട് എം.എൽ.എ കേശവൻനായരുടെ സഹായത്തോടെ അന്നത്തെ മുഖ്യമന്ത്രി ജോണി കാണുകയും ട്രഷറിയിൽ 30 രൂപ അടച്ച് അപേക്ഷ സമർപ്പിക്കുകയും ചെയ്തു .അതിൻറെ ഫലമായി 1954 അനുവാദം കിട്ടിആ വർഷം ഹൈസ്കൂൾ സെക്ഷൻ ആരംഭിച്ചു ,ഡിപ്പാർട്ട്മെൻറ് കൈമാറുകയും അവിടെ ഹൈസ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു .1954 ചന്ദ്രശേഖരൻ നായർ [ബി .എസ് സി. ബി .എൽ ] പ്രസിഡൻറ് ഇഞ്ചപ്പുരി പി കൃഷ്ണൻ നായർ വൈസ് പ്രസിഡൻറ് ടിവിയോട് പി കുമാരൻ നായർ വിതുര എം സുബ്രഹ്മണ്യൻ പിള്ള ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ നിർമ്മാണത്തിനായി ഒരു കമ്മിറ്റി രൂപീകരിച്ചു.ആ കമ്മിറ്റി പിരിച്ചാൽ രൂപയിൽ നിന്ന് 80 രൂപ കൊടുത്ത് സ്കൂളിന് നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് താമസിച്ചിരുന്നവരെ ഒഴിപ്പിച്ചെടുത്തു .ഒരു മാസം കൊണ്ട് തന്നെ കെട്ടിടത്തിന്റെ ജോലി പൂർത്തിയാക്കാൻ കഴിഞ്ഞു. 6/1/1955 തിരുവനന്തപുരം കൊച്ചി സ്റ്റേറ്റ് പഞ്ചായത്ത് ഡയറക്ടർ പി .കെ അബ്ദുല്ലയാണ് ഹൈസ്കൂൾ മന്ദിരത്തിന് തറക്കല്ലിട്ടത്. മുഖ്യമന്ത്രി പനമ്പള്ളി ഗോവിന്ദൻ മേനോൻ സ്കൂൾ മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു .

ഇന്ന് 38 ഹൈസ്കൂൾ അധ്യാപകരും ,ഹയർസെക്കണ്ടറി അധ്യാപകരും, അനധ്യാപകരും അടങ്ങുന്ന വിദ്യാർത്ഥികൾ വിതുരയുടെ ഹൃദ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന ഹരിതാഭമാർന്ന വിദ്യാലയം .പൊന്മുടിയുടെ താഴ്വാരത്ത് സഹ്യന്റെ മടിത്തട്ടിൽ അനേകം തലമുറകൾക്ക് ഇപ്പോഴും അക്ഷരജ്ഞാനം പകർന്ന നൽകിക്കൊണ്ടിരിക്കുന്ന ഗ്രാമീണ വിദ്യാലയം . പത്താം ക്ലാസിലും ഹയർ സെക്കൻഡ് വി.എച്ച്.എസ്.ഇയിലും മികച്ച വിജയം നേടി തിരുവനന്തപുരം

ജില്ലയിലെ അറിയപ്പെടുന്ന സ്കൂളുകളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ള വിത്തുറ വി എച്ച്എസ്എസ് അക്കാദമി അതിന്റെ പ്രവർത്തനങ്ങളിൽ മികവിന്റെ ഒരു മാതൃകയാണ്.എല്ലാ വർഷവും നിരവധി പുതിയ പ്രവർത്തനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സ്കൂളിലെ എസ്.പി.സി, ജെ.ആർ.സി, ലിറ്റിൽ കൈറ്റ്, മറ്റ് വിവിധ ക്ലബ്ബുകൾ എന്നിവ എല്ലാ വർഷവും സംഘടിപ്പിക്കപ്പെടുന്നു. മാതൃകാപരമായ നിരവധി മാതൃകകളുണ്ട്. സമൂഹത്തിന്റെ പുരോഗതി ലക്ഷ്യമിട്ട് സ്കൂൾ ഇപ്പോഴും എല്ലാ വർഷവും വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു.

# ഹൈസ്കൂൾ വിഭാഗം - അക്കാദമികം

## നേട്ടങ്ങൾ

തിരുവനന്തപുരം ജില്ലയിൽ മുന്നൂറിൽ പരം കുട്ടികളെ എസ്എസ്എൽസി പരീക്ഷയിൽ ഇരുത്തുന്ന സ്കൂളുകളുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന മലയോര മേഖലയിലെ ഒരു പ്രധാന വിദ്യാലയമാണ് നമ്മുടേത് .എൻ എം എം എസ് പോലെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടുതൽ കുട്ടികളെ ഇരുത്തുകയും അവർക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട് .കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കുന്നത് പ്രവർത്തനങ്ങളിലൂടെ പഠിക്കാൻ ഉതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു .

എസ് പി സി ,ജെ ആർ സി, ലിറ്റിൽ കൈറ്റ് ,എക്കോ ക്ലബ് തുടങ്ങിയ വൈവിദ്യമാർന്ന സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർധിപ്പിക്കാൻ കഴിയുന്നു . എസ്എസ്എൽസി പരീക്ഷയ്ക്ക് കഴിഞ്ഞ മൂന്നുതവണ തുടർച്ചയായി 100% കൈവരിച്ചു പോരുന്നുണ്ട്. ഇത്തവണയും 100% വിജയം കരസ്ഥമാക്കുന്നതിനുള്ള പ്രവർത്തന പരീക്ഷ പരിപാടികളാണ് ആസൂത്രണം ചെയ്യുന്നത് .ജൂൺമാസം ആദ്യ ആഴ്ച മുതൽ തന്നെ യോഗം കൂടി ശ്രദ്ധ ക്ലാസ് ഒമ്പതാം ക്ലാസുകാർക്കും വേണ്ടിയുള്ള പഠന പിന്തുണ ക്ലാസ് തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട് .ക്ലാസ് ടെസ്റ്റുകൾ

കൃത്യമായി നടത്തുന്നതിനും കുട്ടികളുടെ കൃത്യമായി വിലയിരുത്തി പഠന പിന്നോക്ക വ്യവസ്ഥയിലുള്ള കുട്ടികളെ മുന്നിലെത്തിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു .

## ഹയർസെക്കൻഡറി വിഎച്ച്എസ്ഇ അക്കാദമികം.

ഹയർസെക്കൻഡറി വിഎച്ച്എസ്ഇ വിഭാഗം കളിലും തുടർച്ചയായി മികച്ച വിധേയമാണ് സ്കൂളിൽ കൈവരിക്കുന്നത് മികച്ച ഗ്രേഡുകൾ കരസ്ഥമാക്കുന്നതിനും ഫുൾ മാർക്ക് വാങ്ങുന്ന കുട്ടികളുടെ എണ്ണത്തിലും ഓരോ വർഷവും വർദ്ധനവ് വരുന്നുണ്ട്.

# അക്കാദമികം - പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കൂടുതൽ കുട്ടികൾ വിജയം നേടുന്നുവെങ്കിലും  ചില പരിമിതികളും നേരിടുന്നുണ്ട് .ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കളിസ്ഥലം ഇന്നും പരിമിതികളുടെ പട്ടികയിൽ ഒന്നാമതാണ്. എല്ലാ കുട്ടികൾക്കും ഒരുമിച്ച് ഉച്ച ഭക്ഷണം കഴിക്കുന്നതിനുള്ള ഒരു ഡൈനിങ് ഹാൾ ഇല്ല എന്നുള്ളത് മറ്റൊരു പരിമിതിയാണ്.  ഗണിത ലാബ് ,സാമൂഹികശാസ്ത്ര ലാബ് ,എന്നിവ ഹൈസ്കൂളിൽ പ്രത്യേകമായി ഇല്ല .പി.ടി.എയുടെയും ,പൂർവ്വ വിദ്യാർത്ഥിയെ കൂട്ടായ്മകളുടെയും, സഹകരണത്തോടെ ഇത്തരം സംവിധാനങ്ങൾ പ്രവർത്തി ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു .

# ഭൗതികം നേട്ടങ്ങൾ

നിലവിൽ മിക്ക ക്ലാസ് മുറികളുടെയും ടൈൽ മോഡി പിടിപ്പിച്ചിട്ടുണ്ട് .ഈ ക്ലാസ് മുറികളിൽ ഹൈടെക് സംവിധാനമൊരുക്കുന്നതിനായി ലാപ്ടോപ്പ് പ്രോജക്ട് തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട് .ഹയർസെക്കൻഡറിയിലും,വിഎച്ച്എസ്ഇ യിലും ക്ലാസ് മുറിയിലെ ടൈൽ പാകുകയും മൾട്ടിമീഡിയ സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്.

5000 ത്തിലധികം പുസ്തകങ്ങൾ ഉള്ള വിപുലമായ ഒരു ലൈബ്രറി ഇന്ന് നിലവിൽ സ്കൂളിൽ ഉണ്ട്. വിവിധ ഏജൻസികൾ സംഭാവനയായി നൽകിയിട്ടുള്ള 35 ഓളം പത്രങ്ങൾ സ്കൂളിൽ നിത്യേന എത്തുന്നുണ്ട് പെൺകുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവസരങ്ങൾക്കും മറ്റും വിശ്രമിക്കുന്നതിനായി ആവശ്യമായ മാനസ എന്ന പേരിൽ വിശ്രമന്ദിരം ജില്ലാ പഞ്ചായത്ത് ഒരുക്കിയിട്ടുണ്ട് ഹൈസ്കൂളിലെ പെൺകുട്ടികൾക്കും ഹയർസെക്കൻഡറി വിഭാഗം പെൺകുട്ടികൾക്കും പ്രത്യേകം മാനസകൾ സജ്ജമാക്കിയിട്ടുണ്ട് തിരുവനന്തപുരം ജില്ല പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഒരുക്കിയിട്ടുള്ള ഈ വിശ്രമമന്ദിരം പെൺകുട്ടികൾക്ക് ഏറെ ഗുണം ചെയ്യുന്നു . 22 ക്ലാസ് മുറികളിൽ പ്രൊജക്ടറും 56 കമ്പ്യൂട്ടറുകളും ഉള്ള രണ്ട് ഐടി ലാബുകൾ സ്കൂളിന്റെ മറ്റൊരു ഭൗതിക നേട്ടമാണ്

പാലോട് സബ് ജില്ലയിലെ മിക്കവാറും എല്ലാ ഐടി ട്രെയിനിങ്ങുകളും നമ്മുടെ സ്കൂളിൽ വച്ച് നടത്തുന്നുണ്ട് ഇത്തരം ട്രെയിനിങ്ങുകൾ നൽകാൻ പര്യാപ്തമായ ഐടി ലാബ് സൗകര്യമാണ് ഇന്ന് സ്കൂളിനുള്ളത്. ആയിരത്തിലധികം പേർക്ക് ഇരിക്കാവുന്ന വിശാലമായ ഓപ്പൺ ഓഡിറ്റോറിയവും മറ്റു സ്കൂളുകൾക്ക് തന്നെ മാതൃകയാണ് ഈ ആഡിറ്റോറിയം പൂർണമായും ടൈൽ പാകി സജ്ജീകരിക്കാൻ കഴിഞ്ഞതും വലിയ മികവാണ്

## ഭൗതിക പരിമിതികൾ

ലൈബ്രറിയിൽ 5000 ത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവേണ്ട വിധത്തിൽ ഡിസ്‌പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ ലൈബ്രറിയിൽ തന്നെയുള്ള റീഡിങ് റൂം സൗകര്യം മറ്റൊരു വിശാലമായ റൂമിലേക്ക് മാറ്റേണ്ടതുണ്ട് ഇതിനായി ഒരു പുതിയ റീഡിങ് റൂം സജ്ജമാക്കേണ്ടതുണ്ട് .ഇന്ന് ലൈബ്രറി ഡിജിറ്റലൈസ് ചെയ്തിട്ടും ഉണ്ട് .കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല .ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാക്കണം. കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലശാലകൾ പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തുകയും വേണം ആകർഷകമായ

വിധത്തിൽ പൂന്തോട്ടം ജൈവ വൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്.കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ പരിശീലനം നൽകാൻ ഉപകരണ സംഗീത ഉൾപ്പെടെ പ്രത്യേക റൂം സൗകര്യം ഒരുക്കണം. വിശാലമായ ഒരു സ്റ്റേഡിയം സ്കൂളിലുണ്ടെങ്കിലും ആധുനിക സൗകര്യങ്ങൾ ഒന്നും തന്നെ അവിടെ ലഭ്യമാക്കിയിട്ടില്ല ,കുട്ടികളെ കായികമായി പരിശീലനം ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേഡിയം സജ്ജമാക്കിയാൽ വിതുര എന്ന മലയോര ഗ്രാമത്തിൽ നിന്നും നാഷണൽ ലെവൽ വരെ എത്താൻ പ്രാപ്തിയുള്ള നിരവധി കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട ചിട്ടയായ പരിശീലനം നൽകാൻ സാധിക്കുമായിരുന്നു ഒപ്പം കായിക പഠനം കാര്യക്ഷമതമാക്കുന്നതിന് സാധിക്കുകയും ചെയ്യും.

# സാമൂഹികംനേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു .അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു.സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം ,വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ ,ഗൃഹ സന്ദർശനം,ഭവന നിർമ്മാണം ,പൊതു ഇടമൊരുക്കൽ, അക്ഷരദീപ്തി പദ്ധതി, പുസ്തക തൊട്ടിൽ ,അമ്മ വായന, കുട്ടി പള്ളിക്കൂടം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃക പരമായി നടത്തുകയും സമൂഹത്തിൻറെ അംഗീകാരം പിടിച്ചു പറ്റുകയുമാണ്.

## പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങൾ എങ്കിലും ഏറ്റെടുക്കാനുള്ള പരിമിതിയുണ്ട്. അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

# വികസന ലക്ഷ്യങ്ങൾ

1.ഭാഷശേഷി വികസനം

2.ഗണിതശേഷി വികസനം

3.ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ

4.വായനശേഷി വർദ്ധിപ്പിക്കൽ

5.ശാസ്ത്രപോഷണ പരിപാടി

6.ലബോറട്ടറി നവീകരണം :ഗണിതം ,എസ് .എസ്,ശാസ്ത്രം

7.പ്രതിഭാ പോഷണപരിപാടി

8. ലൈബ്രറി ശാക്തീകരണം

9.ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ

10.സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

11. പഠനയാത്രകൾ

12.സ്കൂൾ പത്രം ,മാസിക

13.അധ്യാപക ശാക്തീകരണം :സ്കൂൾ എസ് ആർ ജി തലം

14.പ്രവർത്തിപരിചയ പരിശീലനം

15.കലാപരിപോഷണം

16.പച്ചക്കറി തോട്ടം

17.സാഹിത്യ ശില്പശാലകൾ

18.മെഡിക്കൽ ക്യാമ്പുകൾ

19.രക്ത ഗ്രൂപ്പ് നിർണയം

20.ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ

21.സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ

22.ഭാഷ ലാബ്

23.ദിനാചരണങ്ങൾ

24.ഗവേഷണാത്മകപഠനം

25.കായികശേഷി വികസനം

26.വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27.ചോദ്യപേപ്പർ ശില്പശാല

28.ഐടി പഠനം കാര്യക്ഷമമാക്കൽ

29.ജന്മദിന പുസ്തകം

30.ചിത്രരചന ക്യാമ്പ്

31.ശാസ്ത്ര-ഗണിതശാസ്ത്ര-എസ്.എസ് -ഐ.ടി പ്രവർത്തി പരിചയമേളകൾ

32.ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

# പ്രവർത്തനം - വിശദാംശങ്ങൾ

## ഉപമേഖല : ഇംഗ്ലീഷ് ഭാഷ പഠനം

## പ്രവർത്തനം 1: ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായി എഴുതുന്നതിന് സജ്ജരാക്കുക | Alphabet cards ,word cards ,sentence making cards, picture reading , news reading,story writing,caption writing,my diary writing,news preparation, book review writing | From June to February | English Teachers | |
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Gotec class,english assembly ,english library,english lab (language lab) | From June to February | English Teachers | |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പഠനം എളുപ്പമാക്കുന്നു | ശ്രദ്ധ ക്ലാസ് ,Peer group teaching | From June to February | English Teachers, Selected students | Rs 250 |
| സ്വയംതൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുന്നു | Empowering learners to launch to start up English fest ( Includes craft fair,exhibition,food fest) | November | English teachers | Rs 3000 |

| | | | | |
|---|---|---|---|---|
| കവിത ആലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുക | ഇംഗ്ലീഷ് റേസിറ്റേഷൻ (ഓഡിയോ കേൾപ്പിക്കുക) വേർസിഫിക്കേഷൻ കോമ്പറ്റീഷൻ നടത്തുന്നു ,അപ്രീസിയേഷൻ തയ്യാറാക്കുന്നുപ്രശസ്ത കവികളുമായുള്ള ആശയവിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു | From June to February | English Teachers | Rs 200 |
| സാമൂഹിക അവബോധവും ം സേവന മനോഭാവവും വളർത്തിയെടുക്കുക | Organising debates and discussions on social issues,conducting field trips to orphanages,old age homes | From June to February | Teachers | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Film skit,drama ,puppet show ,documentary ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായി അവയുടെ വിഷ്വൽസ് പ്രദർശിപ്പിക്കുന്നു | From June to February | English Teachers | |
| സൃഷ്ടിപരമായ കഴിവ് വികസിപ്പിക്കാൻ പ്രാപ്തരാക്കുക | Inviting articles for school magazine | October to december | English Teachers | Rs 1000 |
| സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു | Launching youtube channel,radio broadcasting ,conducting interviews and video conferences with well read writers and eminent personalities | From June to February | English Teachers | |
| ദേശീയ അന്തർദേശീയ | observance of envioronment day | From June to | English Teachers | |

| | | | | |
|---|---|---|---|---|
| ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാൻ അവസരം ഒരുക്കുന്നു | reading day hiroshima day gandhi jayanthi | February | | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Film, skit ,drama ,puppet show ,documentary മുതലായവ തയ്യാറാക്കുന്നതിനായി അവയുടെ വിഷ്വൽസ് പ്രദർശിപ്പിക്കുന്നു. | From June to February | English Teachers | |
| സൃഷ്ടിപരമായ കഴിവ് വികസിപ്പിക്കാൻ പ്രാപ്തരാക്കുക | inviting articles for school magazine | October November December | English Teachers | 1000 (PTA) |
| സാങ്കേതികവിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു | launching YouTube channel Radio broadcast conducting interviews and video conferences with well-rated writers and eminent personalities | From June to February | English Teachers | |

## ഉപമേഖല : മലയാളം

## പ്രവർത്തനം 1 : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമ്പൂർണ്ണ സാക്ഷരത പദ്ധതി | | | | |
| <u>വായന</u><br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക | • ലൈബ്രറി ശക്തികരണം ലൈബ്രറി വിഭാഗം കാര്യക്ഷമം | ആറുമാസം ജൂൺ മുതൽ നവംബർ വരെ | ഭാഷ അധ്യാപകർ അക്ഷരദീപ്തി പദ്ധതി | |

| | | | | |
|---|---|---|---|---|
| . വായനയുടെ ലോകത്തിലേക്ക് കൈപിടിച്ചുയർത്തുക. വായനാശീലം വളർത്തുക നല്ല വായനക്കാരനാകുക. | ആക്കുന്നു<br>• പുതിയ പുസ്തകങ്ങൾ ശേഖരിക്കുന്നു<br>• കഥകൾ കവിതകൾ ചിത്രങ്ങൾ ജീവചരിത്രം ആത്മകഥ തിരക്കഥ<br>• വായനാ മൂല സ്ഥാപിക്കുന്നു | | പ്രവർത്തകർ | |
| <u>എഴുത്ത്</u><br><br>ലേഖന നൈപുണ്യ വികസിപ്പിക്കുക | ക്ലാസ് കൈയെഴുത്ത് മാഗസിൻ നിർമ്മിക്കുന്നു<br><br>സ്കൂൾ ത്രൈ മാസിക നിർമ്മാണം<br><br>ഓരോ ക്ലാസിൽ നിന്നും തിരഞ്ഞെടുത്ത രചനകൾ ത്രൈ മാസികയിൽ ഉൾപ്പെടുത്തുന്നു<br><br>മികച്ച രചനക്ക് സമ്മാനവും നൽകും | സെപ്റ്റംബർ നവംബർ | അധ്യാപകർ വിദ്യാരംഗം പ്രവർത്തകർ | Rs 500 |
| **<u>ലൈബ്രറി ശാക്തീകരണം</u>** | | | | |
| ആസ്വാദനം | ലൈബ്രറികൾ പ്രയോജനപ്പെടുത്തി ആസ്വാദന തലം കുട്ടികളിൽ ഉയർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കുക കഥ , കവിത , അനിമേഷൻ , ഫിലിം പ്രദർശനങ്ങൾ , സാഹിത്യ ശില്പശാല , കവിത സംഘാടനം | നവംബർ ജനുവരി | ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അധ്യാപകർ , SRG പൂർവ വിദ്യാർത്ഥികൾ , സാമൂഹ്യ പ്രവർത്തകർ, സാഹിത്യകാരന്മാർ | |

| | | | | |
|---|---|---|---|---|
| അക്ഷരദീപ്തി | സമ്മാനപദ്ധതി , വായിച്ച പുസ്തകങ്ങളുടെ റിവ്യൂ | ജൂൺ ഫെബ്രുവരി മാസ പ്രവർത്തന ം | പൂർവ്വ വിദ്യാർത്ഥിക ൾ | |
| **ദിനാചരണങ്ങൾ** | | | | |
| ദിനാചരണങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കുന്നു . സാമൂഹിക പ്രവർത്തന-ത്തിൽ പങ്കാളികളാക്കുന്നു | വായനദിനം , ബഷീർ അനുസ്മരണം , ജനുവരി 16 മഹാകവി കുമാരനാശാൻ ചരമദിനം , പ്രത്യേക അസംബ്ലി , സന്ദേശം, കവിത രചന , സാഹിത്യക്വിസ് | ജൂൺ മുതൽ ഫെബ്രുവരി വരെ | വിദ്യാരംഗം , സാഹിത്യ ക്ലബ് പ്രവർത്തകർ, മേൽനോട്ടം അധ്യാപകർ | Rs 1000 |
| പ്രതിഭകളെ കണ്ടെത്തൽ | വായനയിലൂടെ പുതിയ അനുഭവം പങ്കുവയ്ക്കുന്നു. സാഹിത്യ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു | ജൂൺ മുതൽ എല്ലാ മാസവും | ഭാഷ അധ്യാപകർ , ക്ലാസ് തലം | |
| ചലച്ചിത്രമേള | തിരക്കഥ പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ ഐടി, ലിറ്റിൽ കൈറ്റ്സ് എന്നിവരുടെ സഹായത്തോടെ എല്ലാ ക്ലാസിലും ഫിലിം മേള സംഘടിപ്പിക്കുന്നു | നവംബർ ജനുവരി | ഐടി വിദഗ്ധർ , ലിറ്റിൽ കൈറ്റ്സ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി , അസംബ്ലി സജ്ജമാക്കുക , പ്രസംഗം അവതരിപ്പിക്കുന്ന-തിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം | അധ്യാപകർ പി.ടി.എ ക്ലാസ് തലം | |

## ഉപമേഖല : ഹിന്ദി

## പ്രവർത്തനം 1 : ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരബോധം ഉറപ്പിക്കാൻ | അക്ഷരക്കാർഡ് പുതിയ പദങ്ങൾ പദ്യങ്ങൾ അതിൽ വരുന്ന അക്ഷരങ്ങൾ മനസ്സിലാക്കി പഠിപ്പിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | Rs 200 |
| ഹിന്ദി വായന | തെറ്റ് കൂടാതെ വായിക്കാൻ ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ച് ഗ്രന്ഥശാല ഒരുക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി ക്ലബ് | |

| | | | | |
|---|---|---|---|---|
| ദിനാചരണങ്ങൾ പ്രേംചന്ദ് ജയന്തി | പോസ്റ്റർ നിർമ്മാണം | ജൂലൈ 31 | ഹിന്ദി ക്ലബ് | |
| വിശ്വ ഹിന്ദി ദിനം | പ്രസംഗം രാഷ്ട്രഭാഷ ഹിന്ദി | ജനുവരി | ഹിന്ദി ക്ലബ് | |
| ഹിന്ദി എഴുത്ത് | ഹിന്ദി ഡയറി , കവിത ശേഖരണം , ഹിന്ദി പത്രവാർത്ത | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## ഉപമേഖല : സംസ്കൃതം

### പ്രവർത്തനം 1 : സംസ്കൃത ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി | പരിമിതികൾ കണ്ടെത്താൻ ടെസ്റ്റുകൾ | | | |
| ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി | പരിമിതി പരിഹരിക്കാൻ പ്രവർത്തനങ്ങൾ | | | |
| നിത്യോപയോഗ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക | രചന ശില്പശാലകൾ | | | |
| ആശയ പ്രകാശനത്തിനും സർഗാത്മക രചനയ്ക്കും അവസരം ഒരുക്കുക | സംസ്കൃത ദിനാചരണം | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃത ക്ലബ് അധ്യാപകർ | |
| ആശയ പ്രകാശനത്തിനും സർഗാത്മക രചനയ്ക്കും അവസരം ഒരുക്കുക | സംസ്കൃത അസംബ്ലി | | | |
| ആശയ പ്രകാശനത്തിനും സർഗാത്മക രചനയ്ക്കും അവസരം ഒരുക്കുക | മലയാളത്തിലെ സംസ്കൃതപദങ്ങൾ നിഘണ്ടു നിർമ്മാണം<br>ചോദ്യോത്തര കേളി<br>മാഗസിൻ നിർമ്മാണം | | | |

| | | | | |
|---|---|---|---|---|
| | കവിത കഥ ഉപന്യാസ രചനകൾ<br>സംഭാഷണ ശിബിരങ്ങൾ<br>സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ<br>പ്രശ്നോത്തരി പരിശീലനം<br>സംസ്കൃത സിനിമ പ്രദർശനം<br>ഡോക്യുമെൻററി കൾ<br>ഐടി സാധ്യത | | | |

## ഉപമേഖല : അറബിക്

## പ്രവർത്തനം 1 : അറബിക് ഭാഷാ പഠനം

| പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| അറബിക് ലൈബ്രറി ശാക്തീകരണം അറബിക് ലൈബ്രറി ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു കഥകൾ കവിതകൾ ചിത്രകഥകൾ വായന കോർണർ സ്ഥാപിക്കുന്നു | ജൂൺ മുതൽ c വരെ 6 മാസം | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബിആർസി ഡയറ്റ് , പൂർവ്വ വിദ്യാർത്ഥികൾ , സ്പോൺസർ ഷിപ്പ് | |
| ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു .ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ | സെപ്റ്റംബർ മുതൽ നവംബർ വരെ | | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ | |

| | | | | |
|---|---|---|---|---|
| നിർമ്മിക്കുന്നു . ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു | | | | |
| സ്കൂൾ മാഗസിനിലെ ആർട്ടിക്കിളുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | **നവംബർ , ഡിസംബർ** | | സ്പോൺസർ ഷിപ്പ് | |
| മാസാന്തര ക്വിസ് , കാർണിവൽ ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസ്സിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ<br><br>സ്ഥാപിച്ചിട്ടുള്ളത് സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു അതിൽനിന്ന് ശരിയുത്തരം കണ്ടെത്തി ഒരാൾക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ് ലാപ്ടോപ്പ് | അധ്യാപകർ പൂർവ്വ വിദ്യാർത്ഥിക ൾ സ്പോൺസർ ഷിപ്പ് | |
| പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു .അറബി സാഹിത്യോത്സവത്തി ലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | **ജൂലൈ ആഗസ്റ്റ്** | സ്റ്റേജ് സൗണ്ട് ബോക്സ് | അധ്യാപകർ | |
| **ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബിക്** | നവംബർ | പോസ്റ്ററുക ൾ സി.ഡി | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| **പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു** | | കമ്പ്യൂട്ടർ ടിവി പ്രൊജക്ടർ | | |
| ഐടി സാധ്യതകൾ പ്രയോജന പ്പെടുത്തി കഥ കവിത അനിമേഷൻ ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു | ജനുവരി | സി.ഡി കമ്പ്യൂട്ടർ ടിവി പ്രൊജക്ടർ | അധ്യാപകർ | |
| തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക. | ഡിസംബർ | സി.ഡി കമ്പ്യൂട്ടർ പ്രൊജക്ടർ | ബിആർസി ഡയറ്റ് , പൂർവ്വ വിദ്യാർത്ഥിക ൾ | |
| അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം , ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ഡിസംബർ | സി.ഡി കമ്പ്യൂട്ടർ പ്രൊജക്ടർ | ബിആർസി ഡയറ്റ് , പൂർവ്വ വിദ്യാർത്ഥിക ൾ, പ്രൊജക്ടർ | |

## ഉപമേഖല : സോഷ്യൽ സയൻസ്

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പ ത്തികം** |
|---|---|---|---|---|
| ചരിത്ര പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുന്നതിലൂടെ ആ | പോസ്റ്റ് പ്രദർശനം , യുദ്ധവിരുദ്ധ പ്ലക്കാർഡ് , കയ്യൊപ്പ്, റാലികൾ , | ജൂൺ മുതൽ ഫെബ്രുവരി വരെ | എസ്.എസ്.ക്ല ബ് അധ്യാപകർ | 500 |

| | | | | |
|---|---|---|---|---|
| ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നു. | പതാക നിർമ്മാണം , മാഗസിൻ നിർമ്മാണം | | | |
| **മോക് പാർലമെൻറ് ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ** | പ്രകടനപത്രിക പ്രചാരണം മീറ്റ് ദി കാൻഡിഡേറ്റ് ബാലറ്റ് പേപ്പർ ഉപയോ-ഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരണം തുടർന്ന് മോക്ക് പാർലമെൻറ് സംഘടിപ്പിക്കൽ. | വർഷത്തിൽ നാല് തവണ | എസ് .എസ് അധ്യാപകർ സ്കൂൾ പാർലമെൻറ് ഭാരവാഹികൾ | |
| ലൈബ്രറി കോർണർ സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ , അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം | **വർഷത്തിലൊരു തവണ**<br><br>**ആഴ്ചയിൽ**<br><br>**ഒരു തവണ** | | |
| **ബുള്ളറ്റ് സാമൂഹിക ശാസ്ത്രം നൂതന അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം** | **എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും എസ്.എസ് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്തുകൊടുക്കൽ** | **എല്ലാദിവസവും 1 വർഷം** | S.S ക്ലബ് | |
| **പഠനയാത്രകൾ പഠന യാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ ,മ്യൂസ ിങ്ങൽ ,ചുമർ** | **സാമൂഹിക പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക്** | വർഷത്തിൽ ഒരു തവണ | S.S അധ്യാപകർ | PTA സാമ്പത്തികം |

| | | | | |
|---|---|---|---|---|
| ചിത്രങ്ങൾ,ക്ഷേത്രകലകൾ ,കോട്ടകൾ തുടങ്ങിയവയെ കുറിച്ച് കൂടുതൽ അറിയാൻ | നടത്തുന്ന പഠന യാത്രകൾ | | | |
| സംവാദം, സെമിനാർ അനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ കൂടുതൽ അറിയാൻ | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം സെമിനാർ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് വീതം | SRG,S.S ക്ലബ്ബ് | ജനപ്രതിനിധികൾ PTA |
| വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ ,പർവതയിനങ്ങൾ ഇങ്ങനെയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ചരിത്ര കൊട്ടാരം വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കുന്നു | അക്കാദമിക വർഷം മുഴുവനും | S.S അധ്യാപകർ | |
| ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ കുട്ടികളെ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. അത്‌ലറ്റിക്,മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു. | വർഷം മുഴുവനും | S.S അധ്യാപകർ | |
| സാമൂഹിക ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുന്നു | സാമൂഹിക ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശക്കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | വർഷം മുഴുവനും | S.S ക്ലബ്,S.S അധ്യാപകർ | |
| പഠിതാക്കളെയും ചരിത്രബോധം | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് | നിശ്ചയിച്ച തിയറികളി | S.S അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഉള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ടിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹിക ശാസ്ത്രത്തിൽ അടിസ്ഥാനപരമായ കഴിവുകൾ ഇല്ലാതെ പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ടിപ്പുകൾ സംഘടിപ്പിക്കുന്നു | ൽ നടത്തുന്നു | | |
| മാറുന്ന കാലാവസ്ഥയെ കുറിച്ച് മനസ്സിലാക്കുക ,പ്രകൃതി ഉണ്ടാക്കുന്ന മാറ്റങ്ങൾ നിരീക്ഷിക്കുക | കാലാവസ്ഥ ഉച്ചക്കോടി പഠിതാക്കളെ വിവിധ ഗ്രൂപ്പുകൾ ആക്കി മാറുന്ന കാലാവസ്ഥയെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുന്നു തുടർന്ന് കാലാവസ്ഥ ഉച്ചകോടിയുടെ പ്രഖ്യാപനങ്ങൾ | സെപ്റ്റംബർ ,നവംബർ | S.S ക്ലബ് ,S.S അധ്യാപകർ | |
| താങ്കളുടെ പ്രദേശത്തിന്റെ ചരിത്രം അറിയുക. അവിടത്തെ സാംസ്കാരിക സവിശേഷതകൾ തിരിച്ചറിയുക | പ്രാദേശിക ചരിത്രരചന– വിഭവ ശേഖരണവും ക്രോഡീകരണവും ചരിത്ര രേഖകളായി അവതരിപ്പിക്കുകയും | ഒക്ടോബർ, നവംബർ | S.S ക്ലബ് ,S.S അധ്യാപകർ | |

## ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മോഡൽ നിർമ്മാണം ശില്പശാല | ദാർഗനിക് സംയുക്തങ്ങളുടെ ഘടന ഉപയോഗിച്ച് നിർമ്മിക്കുന്ന ശില്പശാല | ജൂലൈ ഒരു മാസം | എസ് ആർ ജി സയൻസ് | |
| ഹൈടെക് വേർഡ് മാനസികയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി സയൻസ് ലാബ് ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടാൻ | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് ശാസ്ത്രകാരന്മാരും ആയി സംവദിക്കാൻ ഫീൽഡ് ടിപ്പ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| ദിനാചരണങ്ങൾ ജൂൺ 5 പരിസ്ഥിതി ദിനം | ഔഷധസസ്യ ഉദ്യാന നിർമ്മാണം പോസ്റ്റർ | ജൂൺ 5 | പരിസ്ഥിതി ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | പ്രദർശനം പരിസ്ഥിതിഗാനം പ്രഭാഷണം പ്രതിജ്ഞ | | | |
| പ്ലാസ്റ്റിക് ബാഗ് ഫ്രീ ഡേ | പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് നിർമ്മാണം സെമിനാർ | ജൂലൈ 3 | സയൻസ് ക്ലബ്ബ് സയൻസ് അധ്യാപകർ | |
| ചാന്ദ്രദിനം | ക്വിസ് പോസ്റ്റർ രചന സ്പേസ് എക്സിബിഷൻ ഫീൽഡ് ട്രിപ്പ് | ജൂലൈ 21 | സയൻസ് ക്ലബ്ബ് | |
| ഓസോൺ ദിനം | ഓസോൺ പാളിയുടെ പ്രാധാന്യത്തെ കുറിച്ചുള്ള സെമിനാർ | സെപ്റ്റംബർ 16 | സയൻസ് ക്ലബ്ബ് | |
| മോൾ ദിനം | പ്രോജക്ട് പ്രസന്റേഷൻ | ഒക്ടോബർ 23 | സയൻസ് ക്ലബ്ബ് | |

## ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ഗണിത താൽപര്യം ജനിപ്പിക്കൽ | ഗണിത ക്ലബ്ബ് രൂപീകരണം | ജൂൺ | ഗണിത അധ്യാപകർ | |
| കുട്ടികളുടെ ഗണിത സംശയം നിവാരണം ചെയ്യാൻ ഗണിത രുചി വികസിപ്പിക്കാൻ | ഗണിത ക്ലിനിക് ഗണിത കോർണർ | ജൂലൈ | ഗണിത അധ്യാപകർ | |
| ഐ.ടി.യുടെ പ്രാധാന്യം മനസ്സിലാക്കാൻ | ഐടി അപ്രോക്സിമേഷൻ ഡേ | ജൂലൈ 22 | ഗണിത അധ്യാപകർ | |
| പൈതഗോറസ് തിയറിയുടെ പ്രാധാന്യം മനസ്സിലാക്കാൻ | പൈതഗോറം തിയറം ഡേ | ജൂലൈ 24 | ഗണിത അധ്യാപകർ | |
| കുട്ടികളുടെ ഗണിത കഴിവുകൾ പുറത്തെടുക്കാൻ | മാക്സ് എക്സിബിഷൻ ഗണിതോത്സവം | ആഗസ്റ്റ് | ഗണിത അധ്യാപകർ | |
| ഗണിതത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ | ഗണിത അസംബ്ലി | സെപ്റ്റംബർ | | |
| ഗണിതത്തിലെ ശ്രീനിവാസ രാമാനുജന്റെ സംഭാവനകളെ കുറിച്ച് | രാമാനുജൻ ഡേ ആചരണം | ഡിസംബർ 22 | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| കുട്ടികളെ ബോധ്യമാന്മാരാക്കാൻ | | | | |
| പയ്യുടെ വിലകൾ മനസ്സിലാക്കാൻ | പൈ ദിനം | മാർച്ച് 14 | ഗണിത ക്ലബ്ബ് ഗണിത അധ്യാപകർ | |

## പ്രവർത്തന മേഖല – ലിറ്റിൽ കൈറ്റ്/ ഐടി ക്ലബ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അനിമേഷനിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കുക | ആനിമേഷൻ ക്ലാസ്സ് | ജൂൺ | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| മൊബൈൽ ആപ്പ് നിർമാണത്തിൽ പരിശീലനം നേടുക | മൊബൈൽ ആപ്പ് നിർമ്മാണം ഫിലിം ക്യാമ്പ് ഹൈടെക് ഉപകരണ സജ്ജീകരണം | ജൂലൈ | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| ഫോട്ടോഗ്രാഫി വീഡിയോ ഡോക്യുമെൻററികളിൽ നിരവധി പരിശീലനം | ഫീൽഡ് ട്രിപ്പ് | ജൂലൈ | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട വീഡിയോ കുട്ടികളിൽ കൗതുകം ഉണർത്താനും ഇത്തരം വീഡിയോകൾ നിർമ്മിക്കാനും ഉള്ള താൽപര്യ വർദ്ധിപ്പിക്കാനും സഹായിക്കുന്നു | ദിനാചരണങ്ങൾ ചാന്ദ്രദിനം ബഷീർ ചരമദിനം | ജൂലൈ | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| നിർമ്മിത ബുദ്ധിയുടെയും ഡിസൈനിങ്ങിന്റെയും പുത്തനാശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിലൂടെ കുട്ടികളിൽ സർഗാത്മക വളർത്തിയെടുക്കാൻ സാധിക്കുന്നു | നിർമ്മിത ബുദ്ധി ഗ്രാഫിക് ഡിസൈനിങ് | ആഗസ്റ്റ് | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| ഭിന്നശേഷി തലത്തിലുള്ള കുട്ടികളിൽ ഫീൽഡ് താല്പര്യമുള്ളവരെ | ഭിന്നശേഷി മറ്റ് സ്കൂളിലെ കുട്ടികൾക്കുള്ള കമ്പ്യൂട്ടർ പരീക്ഷയിൽനം | | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് | |

| | | | | |
|---|---|---|---|---|
| കണ്ടെത്തി അവർക്ക് വേണ്ട മോട്ടിവേഷൻ നൽകാൻ സാധിക്കുന്നു | മൊബൈൽ എൽ.കെ | | മിസ്ട്രസ് | |
| നിർമ്മിത ബുദ്ധിയുടെയും ഗ്രാഫിക് ഡിസൈനിങ്ങിന്റെയും പുത്തൻ ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിലൂടെ കുട്ടികളിൽ സർഗാത്മക വളർത്തിയെടുക്കാൻ സാധിക്കുന്നു | നിർമ്മിത ബുദ്ധി ഗ്രാഫിക് ഡിസൈനിങ് ആനിമേഷൻ ക്ലാസ് സ്കൂൾതല ക്യാമ്പ് | | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| സ്കൂളിൻറെ പ്രദേശങ്ങളിൽ കുട്ടികൾ അക്ഷയയിൽ നടക്കുന്ന പ്രവർത്തനങ്ങൾ ക്യാമ്പ് ആയി സെറ്റ് ചെയ്ത് സൗജന്യമായി ചെയ്തുകൊടുക്കുന്നു | little akshaya/ e-governce | സെപ്റ്റംബർ | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| മലയാളം ടൈപ്പിംഗ് കുട്ടികൾ പഠിക്കുന്നതിലൂടെ അതിലുള്ള സാധ്യതകൾ കുട്ടികളിലേക്ക് എത്തിക്കാൻ സാധിക്കുന്നു. റോബോട്ടിക് ഇലക്ട്രോണിക് എന്നിവയിൽ താല്പര്യം ഉള്ള കുട്ടികൾക്ക് അവരുടെ കഴിവ് കണ്ടെത്തി വർധിപ്പിക്കാനുള്ള അവസരം തുറന്നു കിട്ടുന്നു | ആനിമേഷൻ ക്ലാസ് മലയാളം കമ്പ്യൂട്ടറിൽ ഇലക്ട്രോണിക്സ് റോബോട്ടിക്സ് വ്യക്തിഗത അസൈൻമെൻറ് സമർപ്പണം | ഒക്ടോബർ | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| ഇത്തരം ക്ലാസുകളിലൂടെ കുട്ടികൾക്ക് പ്രചോദനം ലഭിക്കുകയും അതിലൂടെ പല കുട്ടികളെയും പുത്തൻ ആശയങ്ങളുമായി പുതിയ ലോകത്തേക്ക് എത്തിക്കാൻ സാധിക്കുകയും ചെയ്യുന്നു | വിദഗ്ധരുടെ ക്ലാസ് | ഒക്ടോബർ | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| മലയാളം ടൈപ്പിംഗ് കുട്ടികൾ പഠിക്കുന്നതിലൂടെ | മലയാളം കമ്പ്യൂട്ടറിൽ റോബോട്ടിക്സ് ഭിന്നശേഷി മറ്റു സ്കൂളുകളിലെ | നവംബർ | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് | |

| | | | | |
|---|---|---|---|---|
| അതിലുള്ള സാധ്യതകൾ കുട്ടികളിലേക്ക് എത്തിക്കാൻ സാധിക്കുന്നു. റോബോട്ടിക് ഇലക്ട്രോണിക് എന്നിവയിൽ താല്പര്യം ഉള്ള കുട്ടികൾക്ക് അവരുടെ കഴിവ് കണ്ടെത്തി വർധിപ്പിക്കാനുള്ള അവസരം തുറന്നു കിട്ടുന്നു | കുട്ടികൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം ഗ്രൂപ്പ് അസൈൻമെൻറ് സമർപ്പണം ഉപജില്ല ക്യാമ്പ് | | മിസ്ട്രസ് | |
| കുട്ടികളുടെ ക്രിയേറ്റിവിറ്റി കൂടുന്നു ഡോക്കുമെന്റേഷനിലൂടെ പല മേഖലകൾ പരിചയപ്പെടുന്നു | മീഡിയ ആൻഡ് ഡോകുമെന്റേഷൻ റോബോട്ടിക്സ് അടൽട്ടറിങ് ലാബ് സന്ദർശനം വിതുരയുടെ ചരിത്രം ഡോകോമെന്റേഷൻ ഷോർട്ട് ഫിലിം | ഡിസംബർ | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| കുട്ടികൾ പുതിയ മേഖലകൾ പരിചയപ്പെടുന്നതിലൂടെ അവർക്ക് ഒരുപാട് അവസരങ്ങൾ തുറന്നു കിട്ടുന്നു | ബ്ലോക്ക് പ്രോഗ്രാമിംഗ് ഡെസ്ക്ടോപ് പബ്ലിഷിംഗ് ജില്ലാ ക്യാമ്പ് ഡിജിറ്റൽ പോസ്റ്റർ മേക്കിങ് മത്സരം | ജനുവരി | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |
| പ്രവർത്തനങ്ങളിലൂടെ കുട്ടികളിലെ കഴിവും ആത്മവിശ്വാസവും വളർത്താൻ സഹായിക്കുന്നു | ഡെസ്ക്ടോപ് പബ്ലിഷിംഗ് സംസ്ഥാന ക്യാമ്പ് | ഫെബ്രുവരി | എൽ.കെ മാസ്റ്റേഴ്സ് ആൻഡ് മിസ്ട്രസ് | |

## പ്രവർത്തന മേഖല – പഠനമേഖല –ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക മികവ് നിലനിർത്തുക | പ്രത്യേക കായിക പരിശീലനം, ലോക യോഗാ ദിന പരിപാടികൾ , സന്ദേശം , യോഗ പ്രദർശനം, പോസ്റ്റർ പ്രദർശനം | ജൂൺ | കായിക അധ്യാപകർ , സ്പോർട്സ് അക്കാദമി | 500 |

| | | | | |
|---|---|---|---|---|
| കായിക മത്സരത്തിലേക്കുള്ള തിരഞ്ഞെടുപ്പ് | വിവിധ ഗെയിമുകളിൽ പങ്കെടുക്കുന്ന കുട്ടികളുടെ സെലക്ഷൻ , പ്രത്യേക കായിക പരിശീലനം | ജൂലൈ ആദ്യ ആഴ്ച ജൂലൈ രണ്ടാമത്തെ ആഴ്ച മുതൽ | കായികാധ്യാപകർ | |
| സബ്ജില്ലാ കായികമേളയ്ക്ക് വേണ്ടിയുള്ള കുട്ടികളെ പരിശീലിപ്പിക്കുക | സബ്ജില്ലാതല മത്സരങ്ങൾക്ക് വേണ്ടി പ്രത്യേക കായിക പരിശീലനം | ആഗസ്റ്റ് | കായിക അധ്യാപകർ | |
| ദേശീയ കായിക ദിനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക | പ്രത്യേക അസംബ്ലി | ഓഗസ്റ്റ് 29 | കായിക അധ്യാപകർ സ്പോർട്സ് ക്ലബ് | |
| സബ്ജില്ലാതല ടീമുകളെ പ്രത്യേകം പരിശീലിപ്പിക്കുക | ടീമുകൾക്ക് പ്രത്യേക പരിശീലനം | സെപ്റ്റംബർ | കായിക അധ്യാപകർ | |
| സബ്ജില്ലാതല അത്ലറ്റിക്സിൽ മികച്ച വിജയം നേടുക | കായിക മേള (അത്‌ലറ്റിക്സ്) | ഒക്ടോബർ | കായിക അധ്യാപകർ | |
| തിരുവനന്തപുരം റവന്യൂ ജില്ല കായിക മത്സരത്തിനുള്ള പരിശീലനം | പ്രത്യേക കായിക പരിശീലനവും സെലക്ഷനും | നവംബർ | കായിക അധ്യാപകർ | |
| കായിക മത്സരം തികച്ചും സൗഹൃദം ആക്കുക | സ്കൂൾതല മൃച്ചൽ സൗഹൃദ ഫുട്ബോൾ മത്സരം ക്ലാസ് അടിസ്ഥാനത്തിലുള്ള സൗഹൃദ മത്സരം സ്കൂൾതലം | ജനുവരി | കായിക അധ്യാപകർ | |

## പഠന മേഖല : **പ്രവർത്തിപരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ആമുഖ പഠനം കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിൻറെ എല്ലാ തലങ്ങളിലും അർത്ഥവത്തായ വാക്കുകൾ തൊഴിൽ വിദ്യാഭ്യാസം സംയോജിപ്പിക്കുക | സ്വന്തം കഴിവുകളും പരിമിതികളും കൃത്യമായി തിരിച്ചറിയുന്നതിനുള്ള കഥകളും പുസ്തകങ്ങളും പരിചയപ്പെടുത്തുക | ജൂൺ ,ആഗസ്റ്റ് | സ്കൂൾ ലൈബ്രറി ,പുസ്തകങ്ങൾ, ഓൺലൈൻ സാധ്യതകൾ | BRC ഡയറ്റ് സ്പോൺസർഷിപ്പ് |
| സ്വന്തം ജീവിതത്തെ | സ്വന്തം കഴിവുകൾ | സെപ്റ്റംബ | വ്യക്തി | അധ്യാപക |

| | | | | |
|---|---|---|---|---|
| ചിട്ടപ്പെടുത്താൻ തനിക്ക് യോജിച്ച തൊഴിൽ തിരഞ്ഞെടുക്കാനും ഉള്ള പഠനം | തിരിച്ചറിയാനുള്ള പരിപോഷണം | ർ ,ഒക്ടോബ ർ | വികസന ഉപാധികൾ | ർ ,പൂർവ്വ വിദ്യാർത്ഥി കൾ |
| മികച്ച വ്യക്തികളെ വളർത്തിയെടുക്കാനും, കഴിവുകൾ ,മൂല്യങ്ങൾ എന്നിവയാൽ വിദ്യാർത്ഥികളെ ശാക്തീകരിക്കാനുള്ള പഠനം | വ്യക്തിത്വ വികസനത്തിനുള്ള പഠനപ്രവർത്തനങ്ങൾ പ്രതിഭകളെ കണ്ടെത്തുന്നതിനായി ക്ലാസ് തല മത്സരങ്ങൾ സംഘടിപ്പിക്കുക. | നവംബർ , ഡിസംബർ | പോസ്റ്ററുകൾ , സ്റ്റേജ് ശബ്ദ സംവിധായകർ | അധ്യാപക ർ |
| ദിനാചരണങ്ങൾ ,പ്രവ ർത്തിപരിചയമേളകൾ, ശാസ്ത്രമേളകൾ | സ്കൂൾതല മേളകൾ സംഘടിപ്പിച്ച മറ്റു മേളകൾക്ക് കുട്ടികളെ സജ്ജരാക്കുക | ജനുവരി | സ്റ്റാളുകൾ വർക്ക് ഷോപ്പുകൾ | PTA,അധ്യ ാപകർ ,പൂ ർവ്വ വിദ്യാർത്ഥി കൾ |
| പൂർവ്വ പരിശീലനം നൽകൽ | ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ ഭാവനകൾ പ്രവർത്തനം ആക്കുക | ഫെബ്രുവരി | കമ്പ്യൂട്ടർ ,ഇന്റ ർനെറ്റ്, സോഫ്റ്റ്വെയ ർ മുതലായവ | അധ്യാപക ർ ,സാങ്കേ തിക വിദ്യ വിദഗ്ധർ |
| എക്സിബിഷനുകൾ | കുട്ടികളുടെ ഭാവനയാൽ നിർമ്മിതമായ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിലയിരുത്തലും | മാർച്ച് | എക്സിബിഷൻ സ്റ്റാളുകൾ | BRC ഡയറ്റ്,പൂർ വ്വ വിദ്യാർത്ഥി കൾ ,സ്പോ ൺസർഷി പ്പ് |

## പ്രവർത്തന മേഖല – ജെ ആർ സി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| | വിദ്യാർത്ഥികൾക്ക് അടിസ്ഥാന പ്രഥമ ശുശ്രൂഷ പഠിക്കുന്നതിനും മുറിവ് പരിചരണം ബാൻഡേജ് ,ചെറിയ പരിക്കുകൾക്ക് ചികിത്സ തുടങ്ങിയവർ പഠിക്കുന്നതിനുള്ള വർക്ക് ഷോപ്പുകൾ | ജൂൺ മുതൽ ജൂലൈ വരെ | കൗൺസിലർമാ ർ ജെ ആർ സി അധ്യാപകർ | |
| | കൈകഴുകൽ ,ശുചിത്വം, സമീകൃത ആഹാരം ,ആർത്തവ ശുചിത്വം ,വ്യായാമം എന്നിവയെ | ജൂലൈ | കൗൺസിലർമാ ർ ജെ ആർ സി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായുള്ള ക്യാമ്പയിനുകൾ | | | |
| | വാട്സ്ആപ്പ് വഴിയുള്ള രക്തദാനവുമായി ബന്ധപ്പെട്ട ഗ്രൂപ്പുകൾ സൃഷ്ടിക്കുന്നു ജയ കുട്ടികൾ അധ്യാപകർ രക്തദാതാക്കൾ ആശുപത്രി അതികൃപ എന്നിവർ ഉൾപ്പെട്ട ഗ്രൂപ്പുകൾ | ആഗസ്റ്റ് | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | |
| | പഴയ തുണി പുസ്തകങ്ങൾ കളിപ്പാട്ടങ്ങൾ എന്നിവ കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും ശേഖരിച്ച് വേണ്ടപ്പെട്ടവർക്ക് എത്തിക്കുന്നു | ആഗസ്റ്റ് അവസാന പകുതി | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | |
| | ഫ്ലാഷ് മോബുകൾ, സ്കിറ്റുകൾ, ഗാനാലാപനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക. | സെപ്റ്റംബർ | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | |
| | സമീപസ്ഥലങ്ങൾ സ്കൂൾ പരിസരം എന്നിവ വൃത്തിയാക്കൽ | ഒക്ടോബർ ആദ്യപകുതി | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | |
| | 8 9 10 ക്ലാസുകളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ജെ ആർ സി കുട്ടികളിലൂടെ പ്രഭാത ഭക്ഷണം നൽകൽ | അധ്യയന വർഷത്തിൽ ഉടനീളം | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | |
| | 8 9 10 ക്ലാസുകളിൽ പഠിക്കുന്ന പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് ബുദ്ധിമുട്ടുള്ള വിഷയങ്ങൾ പഠന പിന്തുണ നൽകുക | അധ്യയന വർഷത്തിൽ ഉടനീളം | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | |
| | അച്ചടക്കത്തെയും പെരുമാറ്റ ചട്ടത്തെയും പറ്റിയുള്ള ബോധവൽക്കരണം അവബോധ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ഒക്ടോബർ അവസാന പകുതി | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | 500 |
| | സ്കൂളിലെ കരകൗശല വിഭാഗം അധ്യാപികയുമായി കൈകോർത്ത് കരകൗശല | നവംബർ | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | 500 |

| | | | | |
|---|---|---|---|---|
| | വിൽപ്പനമേളകൾ ധന ശേഖരണ പെട്ടികൾ സ്ഥാപിക്കൽ ഭക്ഷ്യമേളകൾ എന്നിവ സംഘടിപ്പിക്കുന്നു | | | |
| | റോഡ് സുരക്ഷിത മാർഗ്ഗങ്ങളെ പറ്റിയുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള അവബോധ ക്ലാസുകൾ പോസ്റ്റർ രചന മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു | ഡിസംബർ | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | 500 |
| | ബാലവേല മയക്കുമരുന്ന് ഉപയോഗം ലിംഗ സമത്വം റോഡ് സുരക്ഷ പരിസ്ഥിതി സംരക്ഷണം എന്നിവയെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായുള്ള പോസ്റ്റർ രചന പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു | ജനുവരി ,ഫെബ്രുവരി | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | 500 |
| | വൃദ്ധസദനങ്ങൾ അനാഥാലയങ്ങൾ എന്നിവ സന്ദർശിക്കുക | സെപ്റ്റംബർ ആദ്യപകുതി | കൗൺസിലർമാർ ജെ ആർ സി അധ്യാപകർ | 2000 |

## പ്രവർത്തന മേഖല – എക്കോ ക്ലബ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണം ജൂൺ 5 | വൃക്ഷത്തൈ നടൽ,ഔഷധ സസ്യ നിർമ്മാണം, പരിസ്ഥിതി ദിന ക്വിസ് , പോസ്റ്റർ പ്രദർശനം | ജൂൺ 5 | എക്കോ ക്ലബ് | |
| പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗം കുറയ്ക്കൽ | പേപ്പർ പേന നിർമ്മാണം ഔഷധസസ്യപരിപാലനം വനസംരക്ഷണ അവബോധം തുണിസഞ്ചി നിർമ്മാണം സ്കൂൾ ജൈവവൈവിധ്യം തിരിച്ചറിയൽ | ജൂൺ , ആഗസ്റ്റ് | എക്കോ ക്ലബ് | |
| പ്ലാസ്റ്റിക് നിർമ്മാർജ്ജനം പ്രകൃതിയെ അറിയൽ | പ്ലാസ്റ്റിക് മാലിന്യ ശേഖരണം ഫോറസ്റ്റ് മ്യൂസിയം സന്ദർശനം ശലഭ ഉദ്യാനം പരിപോഷിപ്പിക്കൽ | സെപ്റ്റംബർ ,ഒക്ടോബർ | എക്കോ ക്ലബ് ഫോറസ്ട്രി ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ജൈവവൈവിധ്യം തിരിച്ചറിയൽ | അഗസ്ത്യാർക്കൂടം താഴ്വര സന്ദർശനം | നവംബർ | എക്കോ ക്ലബ് | |
| പരിസ്ഥിതി സംരക്ഷണമാക്കുന്നു | സെമിനാർ ,തണ്ണീർ തടങ്ങളുടെ സംരക്ഷണ പ്രാധാന്യം | ജനുവരി ,ഫെബ്രുവരി | എക്കോ ക്ലബ് | |